"ഭരണ ഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ. എ5/33239/2017

ഡയറക്ടറേറ്റ് ഓഫ് ട്രെയിനിങ്,
ലേബർ കോംപ്ലക്സ്,
4th & 5th ഫ്ലോർ
വികാസ് ഭവൻ ,
തിരുവനന്തപുരം -33
Thiruvananthapuram
21.11.2017

**<u>സർക്കുലർ</u>**

വിഷയം:- വോട്ടർ പട്ടിക ശുദ്ധീകരണത്തിൻറെ ഭാഗമായി ബൂത്ത് ലെവൽ ഓഫീസർമാർക്ക് ഡ്യൂട്ടി സർട്ടിഫിക്കത്തിന്റെ അടിസ്ഥാനത്തിൽ 7 ദിവസം ഡ്യൂട്ടി ലീവ് അനുവദിച്ച് ഉത്തരവായത് സംബന്ധിച്ച്

സൂചന :- 15.11.2017 ലെ സ .ഉ .(സാ ധാ )നം .7258/2017/പൊ ഭ വ നമ്പറായ സർക്കാർ ഉത്തരവ്

വോട്ടർ പട്ടിക ശുദ്ധീകരണത്തിൻറെ ഭാഗമായി ബൂത്ത് ലെവൽ ഓഫീസർമാർക്ക് ഡ്യൂട്ടി സർട്ടിഫിക്കത്തിന്റെ അടിസ്ഥാനത്തിൽ 7 ദിവസം ഡ്യൂട്ടി ലീവ് അനുവദിച്ച് ഉത്തരവായത് സംബന്ധിച്ച സർക്കാർ ഉത്തരവ് എല്ലാ സ്ഥാപന മേധാവികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും അറിവിലേക്കായി ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു

S/d
**പി.കെ മാധവൻ**
അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിങ്

സ്വീകർത്താവ്

എല്ലാ സ്ഥാപന മേധാവികൾക്കും
ജോയിന്റ് ഡയറക്ടർ ,RDT കണ്ണൂർ
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ട്രെയിനിങ് ഡയറക്ടറേറ്റ് )

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്.

17 NOV 2017

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - വോട്ടർ പട്ടിക ശുദ്ധീകരണ യജ്ഞത്തിന്റെ ഭാഗമായി ബൂത്ത് ലെവൽ ഓഫീസർമാർക്ക് ഡ്യൂട്ടി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഏഴ് ദിവസം ഡ്യൂട്ടി ലീവ് അനുവദിച്ച് ഉത്തരവാകുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ. (സാധാ) നം.7258/2017/പൊഭവ തീയതി, തിരുവനന്തപുരം,15/11/2017

പരാമർശം :- 1) കേന്ദ്ര തെരെഞ്ഞെടുപ്പ് കമ്മീഷന്റെ 27.10.2017 ലെ 23/LET/ECI/FUNC/ERD-ER/2016 നമ്പർ കത്ത്

2) ഇലക്ഷൻ വകുപ്പിന്റെ 06.11.2017-ലെ 2754/EL3/2017/Elec നമ്പർ ഫയൽ.

**ഉത്തരവ്**

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശാനുസരണം പുതുതായി വോട്ടർ പട്ടികയിൽ പേര് ചേർക്കേണ്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പുതുക്കിയ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുന്നതിനും വോട്ടർ പട്ടികയിൽ നിന്നും മരണപ്പെട്ടതും, താമസസ്ഥലം മാറിപ്പോയവരുടെ വിവരങ്ങൾ ഒഴിവാക്കുന്നതിനും വേണ്ടി 15.11.2017 മുതൽ 30.11.2017 വരെ പ്രത്യേക വോട്ടർ പട്ടിക ശുദ്ധീകരണ യജ്ഞം നടത്തി വോട്ടർമാരെ സംബന്ധിച്ച വിവരങ്ങൾ നിർദ്ദിഷ്ട മാതൃകയിൽ അടിയന്തിരമായി സമർപ്പിക്കാൻ ഇലക്ഷൻ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ ഭാഗമായി ബി.എൽ.ഒ. മാർ അതാത് പോളിംഗ് കേന്ദ്രങ്ങളിലെ പൊതുജനങ്ങളുടെ വീടുകൾ സന്ദർശിക്കുന്നതിനും വോട്ടർ പട്ടിക പുതുക്കുന്നതിനുമുള്ള സഹായം നൽകുന്നതിനായും 2017 നവംബർ 15 മുതൽ 30 വരെയുള്ള തീയതികൾക്കിടയിൽ ബൂത്ത് ലെവൽ ഓഫീസർമാർക്ക് ഏതെങ്കിലും 7 പ്രവർത്തി ദിവസം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ (തഹസിൽദാർ) ഡ്യൂട്ടി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഡ്യൂട്ടി ലീവ് അനുവദിക്കാൻ പരാമർശപ്രകാരം 2 പ്രകാരം ഇലക്ഷൻ വകുപ്പ് ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കേന്ദ്ര ഇലക്ഷൻ കമ്മീഷന്റെ നിർദ്ദേശാനുസരണം നടത്തുന്ന വോട്ടർ പട്ടിക ശുദ്ധീകരണ യജ്ഞത്തിന്റെ ഭാഗമായ ജോലികളിൽ ഏർപ്പെടുന്ന ബൂത്ത് ലെവൽ ഓഫീസർമാർക്ക് 2017 നവംബർ 15 മുതൽ 30 വരെയുള്ള തീയതികൾക്കിടയിൽ ഏതെങ്കിലും 7 പ്രവർത്തി ദിവസം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ (തഹസിൽദാർ) ഡ്യൂട്ടി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഡ്യൂട്ടി ലീവ് അനുവദിക്കാൻ എല്ലാ വകുപ്പ് മേധാവികൾക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**റ്റി.കെ. അജിതകുമാരി**

**അഡീഷണൽ സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറിമാർക്കും

എല്ലാ ജില്ലാകളക്ടർമാർക്കും

എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

ഇലക്ഷൻ വകുപ്പ്

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്

(പത്ര ദൃശ്യ മാധ്യമങ്ങളിലൂടെ വിപുലമായ പ്രചാരണത്തിനായി)

വെബ് & ന്യൂ മീഡിയ വിവര പൊതുജന സമ്പർക്ക വകുപ്പ്

(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ